പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2272 **27-10-2026-ൽ മറുപടിയ്ക്ക്**

പൂജപ്പുര സെൻട്രൽ ജയിലിലെ ഡി.ജെ. പാർട്ടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പൂജപ്പുര സെൻട്രൽ ജയിൽ വളപ്പിൽ ഓണാഘോഷത്തിനിടെ ഡി.ജെ. പാർട്ടി നടന്ന അവസരത്തിൽ ജയിൽ ഉദ്യോഗസ്ഥർ തമ്മിൽ സംഘർഷമുണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംഭവത്തിന്റെയും സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ നൽകുമോ;

മറുപടി: കെ.ജെ.എസ്.ഒ.എ. തിരുവനന്തപുരം മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ഓണാഘോഷ പരിപാടികളുടെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ ജയിൽ മഹാഗണപതി ക്ഷേത്രത്തിനു സമീപത്തുള്ള ഓപ്പൺ സ്റ്റേജിൽ 22.08.2026 തീയതി രാത്രി നടന്ന ഡി.ജെ. പാർട്ടിയ്ക്കിടെ ഉദ്യോഗസ്ഥർ തമ്മിൽ സംഘർഷം ഉണ്ടാവുകയും പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ദക്ഷിണ മേഖല ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ അന്വേഷണം നടത്തുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിൽ ഡി.ജെ പാർട്ടിക്കിടെ ഉദ്യോഗസ്ഥരും അവരുടെ കുടുംബാംഗങ്ങളും വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഡാൻസ് കളിച്ചിരുന്നെന്നും, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. ശ്രീജിത്ത് എസ്.ജി. ഡാൻസ് കളിച്ചു കൊണ്ട് എത്തുന്ന അവസരത്തിൽ കുട്ടികളെ തട്ടാതിരിക്കുന്നതിനായി ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. ബ്രിട്ടോരാജ് വി.എം. ടിയാനെ ടി സ്ഥലത്തു നിന്നും കൈ കാണിച്ച് മാറ്റി വിടുകയുണ്ടായെന്നും കണ്ടെത്തുകയുണ്ടായി. ഉദ്യോഗസ്ഥരിൽ നിന്നും കുറ്റകരമായ പ്രവർത്തികളോ അച്ചടക്ക ലംഘനമോ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും ആരോപണ വിധേയനായ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. ശ്രീജിത്ത് എസ്.ജി.-യുടെ ഭാഗത്ത് ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതിനാൽ ജാഗ്രതക്കുറവ് വരുത്തിയ ഉദ്യോഗസ്ഥർക്ക് 15 ദിവസത്തെ കഠിന പരിശീലനം നൽകാൻ ദക്ഷിണമേഖല ജയിൽ ഡി.ഐ.ജി & ഡയറക്ടർ സിക്ക-ക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ സംഭവം ജയിൽ വകുപ്പിലെ അച്ചടക്കലംഘനമായി വിലയിരുത്തുന്നുണ്ടോ; ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പിനോ ജയിൽ മേധാവിക്കോ പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ടി സംഭവത്തിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. ശ്രീജിത്ത്. എസ്.ജി, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. ബ്രിട്ടോരാജ് വി.എം എന്നിവർ ഉൾപ്പെട്ടിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ടുള്ള പത്ര വാർത്ത ലഭ്യമായതിനെ തുടർന്ന് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിൽ ജീവനക്കാരിൽ നിന്നും കുറ്റകരമായ പ്രവർത്തികളോ അച്ചടക്ക ലംഘനമൊ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും ആരോപണ വിധേയനായ അസിസ്റ്റന്റ് പ്രിസൺ

ഓഫീസർ ശ്രീ. ശ്രീജിത്ത് എസ്.ജി.-യുടെ ഭാഗത്ത് ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ടെന്നും ടി സംഭവം മാധ്യമ വാർത്തയായതുമായി ബന്ധപ്പെട്ട് ജയിൽ വകുപ്പിന് അവമതിപ്പ് ഉണ്ടായിട്ടുണ്ടെന്നു കണ്ടെത്തിയിട്ടുള്ളതിനാൽ ജാഗ്രതക്കുറവ് വരുത്തിയ ഉദ്യോഗസ്ഥർക്ക് 15 ദിവസത്തെ കഠിന പരിശീലനം നൽകാൻ ദക്ഷിണമേഖല ജയിൽ ഡി.ഐ.ജി & ഡയറക്ടർ സിക്ക-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പരാതികളൊന്നും ലഭ്യമായതായി കാണുന്നില്ല.

(സി) സംഭവത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ തിരിച്ചറിഞ്ഞിട്ടുണ്ടോ; അവർക്കെതിരെ വകുപ്പുതല അന്വേഷണമോ അച്ചടക്ക നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) പ്രസ്തുത സംഘർഷത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ ചികിത്സ തേടിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; സംഭവവുമായി ബന്ധപ്പെട്ട് പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ; എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> ടി പരിപാടിക്കിടെ സംഘർഷം നടന്നതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ശ്രീ. ശ്രീജിത്ത്. എസ്.ജി ഫോൺ ചെയ്ത് കൊണ്ട് നടന്ന പോകവെ കാൽ തട്ടി വീണ് ടിയാന് പരിക്ക് പറ്റിയതായും, ടിയാൻ ചികിത്സ തേടിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ടി സംഭവവുമായി ബന്ധപ്പെട്ട് പോലീസിന് പരാതി ലഭിക്കുകയോ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ